**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 617** **23-02-2022 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തെ വൈദ്യുതി ഉല്പാദനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | **Shri. K. Krishnankutty**<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | കഴിഞ്ഞ സർക്കാർ അധികാരത്തിലെത്തിയപ്പോഴും അധികാരമൊഴിയുമ്പോഴുമുള്ള സംസ്ഥാനത്തെ വൈദ്യുതി ഉല്പാദനം എത്രയാണെന്നും നിലവിലെ വൈദ്യുതി ഉല്പാദനം എത്രയാണെന്നും അറിയിക്കാമോ; | (എ) | കഴിഞ്ഞ സർക്കാർ അധികാരത്തിൽ വരുമ്പോൾ സംസ്ഥാനത്തെ വൈദ്യുത പദ്ധതികളുടെ ആകെ സ്ഥാപിത ശേഷി 2875 മെഗാവാട്ടും കഴിഞ്ഞ സർക്കാർ അധികാരമൊഴിയുമ്പോൾ സംസ്ഥാനത്തെ വൈദ്യുത പദ്ധതികളുടെ ആകെ സ്ഥാപിത ശേഷി 3130 മെഗാവാട്ടും ആണ്. 31.01.2022 ലെ കണക്കുകൾ പ്രകാരം സ്ഥാപിത ശേഷി ഏകദേശം 3116 മെഗാവാട്ട് ആണ്. കഴിഞ്ഞ സർക്കാർ അധികാരത്തിൽ വന്നപ്പോഴും അധികാരമൊഴിഞ്ഞപ്പോഴുള്ള വൈദ്യുതി ഉല്പാദനത്തിന്റെ വിശദാംശങ്ങൾ അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു. |
| (ബി) | സംസ്ഥാനത്തെ പുതിയ വൈദ്യുതി ഉല്പാദന പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ; | (ബി) | സംസ്ഥാനത്ത് 185.5 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള ‘8’ ജലവൈദ്യുതി പദ്ധതികളുടെ നിർമ്മാണം പുരോഗമിക്കുന്നു. വിശദവിവരം അനുബന്ധം (2) ആയി ചേർത്തിരിക്കുന്നു. കൂടാതെ, പുതുതായി ‘16’ ജലവൈദ്യുത പദ്ധതികൾ ആരംഭിക്കുവാൻ ലക്ഷ്യമിട്ടിട്ടുണ്ട്. ഇതു സംബന്ധിച്ച വിവരം അനുബന്ധം (3) ആയി ചേർത്തിരിക്കുന്നു. ഇതിനു പുറമെ ഇടുക്കി എക്സ്റ്റൻഷൻ പദ്ധതിയുടെ (800 മെഗാവാട്ട്) വിശദമായി പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കാനും ആവശ്യമായ എല്ലാ അനുമതികൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ ചെയ്യുന്നതിനും ടെണ്ടർ പ്രമാണങ്ങൾ തയ്യാറാക്കാനും കേന്ദ്ര ജല കമ്മീഷന് കീഴിലുള്ള വാപ്കോസ് (WAPCOS) എന്ന സ്ഥാപനത്തെ ആഗോള ടെണ്ടർ മുഖേന ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ, 16 – ഓളം ചെറുകിട ജലവൈദ്യുത പദ്ധതികളുടെ 260 പര്യവേഷണ പ്രവർത്തനങ്ങൾ നടന്നു വരുന്നു. എനർജി മാനേജ്മെന്റ് സെന്ററിൽ പ്രവർത്തിക്കുന്ന ചെറുകിട ജലവൈദ്യുത പ്രൊമോഷൻ സെൽ വഴി ഏറ്റവും അവസാനം നടത്തിയ ടെണ്ടർ നടപടികൾ |

| | | | |
|---|---|---|---|
| | | | പ്രകാരം BOOT അടിസ്ഥാനത്തിൽ സർക്കാർ അലോട്ട് ചെയ്ത പദ്ധതികളിൽ മൂന്ന് എണ്ണത്തിന്റെ (ആറ്റില I- 6 MW (പാലക്കാട് ജില്ല), ആറ്റില II- 6 MW (പാലക്കാട് ജില്ല), കാങ്ങാപ്പുഴ- 0.75 MW (ഇടുക്കി ജില്ല) ഇമ്പ്ലിമെന്റേഷൻ എഗ്രിമെന്റ് ഒപ്പിട്ട് തുടർ നടപടികൾ ആരംഭിച്ചിരിക്കുകയാണ്. ഈ പദ്ധതികൾ നടപ്പിലാക്കുന്നത് വഴി 12.75 മെഗാവാട്ട് സ്ഥാപിത ശേഷി കൂടി കൈവരിക്കുവാൻ സാധിക്കും. ഇംപ്ളിമെന്റേഷൻ എഗ്രിമെന്റ് ഒപ്പ് വെച്ച കമ്പനികൾ പദ്ധതിയുടെ സാങ്കേതിക - സാമ്പത്തിക പ്രായോഗികതാ റിപ്പോർട്ടുകൾ (Techno – Economic Feasibility Report) ക്ക് അനുമതി ലഭിച്ച ശേഷം 36 മാസത്തിനുള്ളിൽ പദ്ധതി കമ്മീഷൻ ചെയ്യുമെന്ന് പ്രതീക്ഷിക്കുന്നു. കനാലുകളിലെ ഒഴുക്കിൽ നിന്നും ഹൈഡ്രോ കൈനറ്റിക് സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള പദ്ധതികളും വിഭാവനം ചെയ്തിട്ടുണ്ട്. പൈലറ്റ് അടിസ്ഥാനത്തിലുള്ള രണ്ട് 25 കിലോവാട്ട് വിതം സ്ഥാപിതശേഷിയുള്ള പദ്ധതി നിർമ്മാണത്തിനുള്ള വർക്ക് ഓർഡർ നൽകുകയും ചെയ്തു. പാലക്കാട് ജില്ലയിൽ ചിറ്റൂർപ്പുഴ ജലസേചന പദ്ധതിയുടെ മൂലത്തറ ലെഫ്റ്റ് ബാങ്ക് ഇറിഗേഷൻ കനാലിലും (25kW), ഇടുക്കി ജില്ലയിൽ ലോവർ പെരിയാർ ജലവൈദ്യുത പദ്ധതിയുടെ ടെയിൽ റെയ്സിലും (25 kW) ഹൈഡ്രോ കൈനറ്റിക് സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള ഈ പദ്ധതി നടപ്പിലാക്കും. പൈലറ്റ് പദ്ധതിയുടെ വിജയം കണക്കിലെടുത്തശേഷം മൂലത്തറ ഇടതുകര കനാലിൽ 3 MW വരെ ഉത്പാദനം വർദ്ധിപ്പിക്കുവാനും വേണ്ട പ്രാഥമിക ചർച്ചകൾ നടത്തിയിട്ടുണ്ട്. |
| (സി) | കഴിഞ്ഞ സർക്കാർ അധികാരത്തിലെത്തിയപ്പോഴും അധികാരമൊഴിയുമ്പോഴുമുള്ള വൈദ്യുതി കുടിശ്ശിക തുകകൾ എത്രയാണെന്നുള്ളത് വ്യക്തമാക്കുമോ; | (സി) | കഴിഞ്ഞ സർക്കാർ അധികാരത്തിൽ എത്തിയപ്പോഴുള്ള വൈദ്യുതി കുടിശ്ശിക 31.03.2016 ൽ - 1796.63 കോടി കഴിഞ്ഞ സർക്കാർ അധികാരം !ഒഴിയുമ്പോഴുള്ള വൈദ്യുതി കുടിശ്ശിക 31.03.2021 ൽ - 2342.34 കോടി. |
| (ഡി) | നിലവിലെ വൈദ്യുതി കുടിശ്ശിക തുക എത്രയെന്നും ആയതു പിരിച്ചെടുക്കാനായി സ്വീകരിച്ച പ്രധാന പ്രവർത്തനങ്ങൾ എന്തൊക്കെയെന്നും വ്യക്തമാക്കുമോ; | (ഡി) | 31.12.2021 കാലയളവ് വരെ വൈദ്യുത ചാർജ്ജ് കുടിശ്ശിക ഇനത്തിൽ 2771.14 കോടി രൂപയാണ് പിരിഞ്ഞു കിട്ടുവാനുള്ളത്. മേൽ തുകയിൽ 419.73 കോടി രൂപ ബഹുമാനപ്പെട്ട കോടതികളിൽ വ്യവഹാരത്തിൽപ്പെട്ടവ ആയ തിനാൽ കോടതി തീർപ്പനുസരിച്ച് മാത്രമേ പിരിച്ചെടുക്കുവാൻ സാധിക്കുകയുള്ളൂ. സർക്കാർ ലോക്കൽ ബോഡികൾ തുടങ്ങിയവയുടെ കുടിശ്ശിക തീർപ്പാക്കലിനായി സർക്കാർ തലത്തിലും, ഡിപ്പാർട്ട്മെന്റ് തലത്തിലും ചർച്ചകൾ നടത്തി വരുന്നു. പൊതുമേഖലാ |

| | | | |
|---|---|---|---|
| | | | സ്ഥാപനങ്ങളിൽ കേരള വാട്ടർ അതോറിറ്റിയുടെ 903.86 കോടി രൂപ പിരിച്ചെടുക്കുന്നതിലേയ്ക്കായി സർക്കാർ തലത്തിൽ ചർച്ചകൾ നടത്തി വരുന്നു. കുടിശ്ശിക പിരിച്ചെടുക്കുന്നതിനായി റെഗുലേഷൻ അനുസരിച്ചുള്ള നടപടികളായ ഡിസ്കണക്ഷൻ, ഡിസ്മാന്റിൽ, റവന്യൂ റിക്കവറി നടപടികൾ കോവിഡ് 19 മഹാമാരിയോട്അനുബന്ധിച്ച് നിലനിൽക്കുന്ന പ്രത്യേക സാഹചര്യത്തിൽ സർക്കാർ തലത്തിൽ പ്രഖ്യാപിക്കപ്പെട്ട ഇളവുകളുടെ അടിസ്ഥാനത്തിൽ മാത്രമേ നടത്തുവാൻ സാദ്ധ്യമാകുകയുള്ളു. കൂടാതെ, സർക്കാർ നിർദ്ദേശത്തെ തുടർന്ന് ഉള്ള തീരുമാന പ്രകാരം നൽകിയിട്ടുള്ള തവണ വ്യവസ്ഥകൾ നിലനിൽക്കുന്ന സാഹചര്യവും ഉണ്ട്. |
| (ഇ) | വൈദ്യുതി കുടിശ്ശിക തുക കൂടുന്നതും കുടിശ്ശിക പിരിച്ചെടുക്കുന്നതിന് ജീവനക്കാരിലുള്ള അനാസ്ഥ പരിഹരിക്കുന്നതിനുമായി സർക്കാർ എന്ത് നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | (ഇ) | കോവിഡ് 19 മഹാമാരിയോടനുബന്ധിച്ചുള്ള പ്രത്യേക സാഹചര്യത്തിൽ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടി നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ടു മാത്രമേ കുടിശ്ശിക പിരിവ് സാദ്ധ്യമാകുകയുള്ളു. കൂടാതെ, കേരള വാട്ടർ അതോറിറ്റി, വിവിധ സർക്കാർ സ്ഥാപനങ്ങൾ എന്നിവയും സർക്കാർ തല നടപടികളിൽ കുടിശ്ശിക പിരിവ് സാദ്ധ്യമാക്കുന്നതിനുള്ള നടപടികൾ നടത്തി വരുന്നു. ജീവനക്കാരുടെ അനാസ്ഥ ഇക്കാര്യത്തിൽ ചൂണ്ടികാണിക്കപ്പെട്ടിട്ടില്ല. ഇലക്ട്രിസിറ്റി റെഗുലേഷൻ അനുശാസിക്കുന്ന നടപടി ക്രമങ്ങൾ സാദ്ധ്യമാകുന്ന പക്ഷം തുടർ നടപടികൾ സ്വീകരിച്ചു കൊണ്ട് കുടിശ്ശിക നിവാരണ നടപടികൾ നടത്തുന്നതാണ്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം 1**

## വൈദ്യുതി ഉല്പാദനം ദശലക്ഷം യൂണിറ്റിൽ

| **2015-16** | **KSEBL** | **IPP** | **CPP** | |
|---|---|---|---|---|
| Hydro | 6605.6654 | 78.9151 | 79.3664 | 7191.684 |
| Thermal | 145.5280 | 1407172 | 66.9130 | |
| Wind | 1.3819 | 60.6170 | 0.3468 | |
| Solar | 0.8109 | | 11.4226 | |
| Total | 6753.3862 | 280.2493 | 158.0488 | |

| **2020-21** | **KSEBL** | **IPP** | **CPP** | |
|---|---|---|---|---|
| Hydro | 6972.88 | 103.256 | 84.787 | 7780.532 |
| Thermal | 7.838 | 91.013 | 45.678 | |
| Wind | 1.14 | 103.304 | 25.967 | |
| Solar | 21.442 | 86.267 | 236.962 | |
| Total | 7003.296 | 383.842 | 393.394 | |

സെക്ഷൻ ഓഫീസർ

**അനുബന്ധം-2**

## നിർമ്മാണം നടന്നു വരുന്ന ജലവൈദ്യുത പദ്ധതികൾ

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | മെഗാവാട്ട് | മി.യൂണിറ്റ് | നിലവിലെ സ്ഥിതി |
|---|---|---|---|---|
| 1 | ഭൂതത്താൻ കെട്ട് | 24 | 83.5 | പണികൾ പുരോഗമിക്കുന്നു. |
| 2 | പൊരിങ്ങൽകുത്ത് | 24 | 45.02 | പണികൾ പുരോഗമിക്കുന്നു |
| 3 | തോട്ടിയാർ | 40 | 99 | പണികൾ പുരോഗമിക്കുന്നു |
| 4 | പള്ളിവാസൽ എക്സ്റ്റൻഷൻ സ്കീം | 60 | 153.9 | പണികൾ പുരോഗമിക്കുന്നു |
| 5 | പെരുവണ്ണാമൂഴി | 6 | 24.7 | പണികൾ പുരോഗമിക്കുന്നു |
| 6 | പഴശ്ശിസാഗർ | 7.5 | 25.8 | പണികൾ പുരോഗമിക്കുന്നു |
| 7 | ചെങ്കുളം ഓഗ്മെന്റേഷൻ | | 85 | പണികൾ പുരോഗമിക്കുന്നു |
| 8 | ചിന്നാർ (ഫേസ്-1) | 24 | 76.45 | പണികൾ പുരോഗമിക്കുന്നു |
| | | 185.5 മെഗാവാട്ട് | 593.37 മെഗാവാട്ട് | പണികൾ പുരോഗമിക്കുന്നു |

സെക്ഷൻ ഓഫീസർ

**അനുബന്ധം - 3**

# പുതിയ ജലവൈദ്യുത പദ്ധതികൾ

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | മെഗാവാട്ട് | മി. യൂണിറ്റ് | നിലവിലെ സ്ഥിതി |
|---|---|---|---|---|
| 1 | ആനക്കയം | 7.5 | 22.83 | ടെൻഡർ നടപടികൾ പുരോഗമിക്കുന്നു. |
| 2 | ഓലിക്കൽ | 5 | 10.26 | “ |
| 3 | പൂവാരംതോട് | 3 | 5.88 | “ |
| 4 | മരിപ്പുഴ | 6 | 14.84 | “ |
| 5 | മാങ്കുളം | 40 | 82 | “ |
| 6 | അപ്പർചെങ്കുളം | 24 | 53.22 | സ്ഥലം ഏറ്റെടുപ്പുനടപടികൾ പുരോഗമിക്കുന്നു. |
| 7 | ലാഡ്രം | 3.5 | 12.13 | “ |
| 8 | മാർമ്മല | 7 | 23.2 | “ |
| 9 | ചെമ്പുകടവ് 3 | 7.5 | 17.72 | “ |
| 10 | പീച്ചാട് | 3 | 7.74 | “ |
| 11 | വെസ്റ്റേൺ കല്ലാർ | 5 | 17.41 | “ |
| 12 | ദേവിയാർ | 24 | 25.94 | ഭരണാനുമതി ലഭിച്ചു |
| 13 | വളാംതോട് | 7.5 | 15.29 | “ |
| 14 | ചാത്തൻകോട്ട് നട-1 | 5 | 12.06 | “ |
| 15 | പശുക്കടവ് | 4 | 10.34 | “ |
| 16 | കീരിത്തോട് | 12 | 27.65 | “ |
| | | 164 MW | | |

സെക്ഷൻ ഓഫീസർ